കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആളൂർ ഗ്രാമപഞ്ചായത്ത്

**2018-19**

# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി.4)1049/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി:08.08.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻറ് (സെക്രട്ടറി മുഖേന)

ആളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം - ആളൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക 2-4 , ഭാഗം 3 ലെ ഖണ്ഡിക 5 എന്നീ ഖണ്ഡികകളിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

**<u>പകർപ്പ് :-</u>**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)1049/19 തീയ്യതി.08.08.2019

## തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1-8-2018 മുതൽ 31-3-2019 വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.19 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ലത.എം.എൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.2019 മുതൽ 15.07.2019 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി. സീനത്ത്.പി.എ | ഓഡിറ്റ് ഓഫീസർ (08.07.2019 മുതൽ 15.07.19 വരെ) |
| ശ്രീ.സിജു.പി.ഡാംസൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ കുമാർ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ജയൻ.വി.എസ് | ഓഡിറ്റർ |
| ശ്രീ.ഷാജി.ഇ.കെ | ഓഡിറ്റർ ട്രെയിനി |

## നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി സന്ധ്യ നൈസൻ | 01-04-2018 മുതൽ 31-03-2019 വരെ |

| സെക്രട്ടറി | കാലയളവ് |
|---|---|
| ശ്രീ മോഹൻകുമാർ.പി.ആർ | 01-04-2018 മുതൽ 09-07-2018 FN വരെ |
| ശ്രീ. ശ്രീകാന്ത്.പി.എസ് | 09-07-2018 AN മുതൽ 14-03-2019 FN വരെ |
| ശ്രീമതി റീന ടി ജെ, സെക്രട്ടറി ഇൻചാർജ്ജ് | 14-03-2019 AN മുതൽ 31-03-2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി സബിയ എ .വി | 01-04-2018 മുതൽ 26-06-2018 വരെ |
| | ശ്രീ. നടരാജൻ.വി.എം | 27-06-2018 മുതൽ 8-3-2019 വരെ |
| | ശ്രീമതി.യാമിനിപ്പിള്ള.ജി | 11-03-2019 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | മുഹമ്മദ് ഹാരിസ്.പി.ഐ | 01-04-2018 മുതൽ 18-12-2018 FN വരെ |
| | സൈറാബാനു.വി.കെ | 18-12-2018 AN മുതൽ 31-01-2019 വരെ |
| | സതീശൻ.കെ.കെ | 01-02-2019 മുതൽ 31-03-2019 വരെ |
| അസി. എഞ്ചിനീയർ | ആശ.കെ.എസ് | 01-04-2018 മുതൽ 19-06-2018 വരെ |
| | സനൂപ്.ഏ.വി | 20-6-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | സ്മിത.കെ.കെ | 01-04-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ബിജു.കെ.ആർ | 01-04-2018 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജൻ | ജോസ്.സി.ഐ | 01-04-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | റീന മാത്യൂ | 01-04-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ | ലേഖ വി വി | 01-04-2018 മുതൽ 31-3-2019 വരെ |
| | രാഖി ഏണസ്റ്റ് | 01-04-2018 മുതൽ 31-3-2019 വരെ |
| | സന്തോഷ് സി.എസ് | 01-04-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഷാമില.ടി | 01-04-2018 മുതൽ 31-3-2019 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില തെയ്യനശ്ശേരി | 01-04-2018 മുതൽ 01-08-2018 വരെ (2-8-2018 മുതൽ 8-8-2018 വരെ ഒഴിവ്) |
| | നിഷ.സി | 9-8-2018 മുതൽ 31-03-2019 വരെ |

## <u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം) | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് പരിശോധന | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | **ഭാഗം 2** | |

| | | |
|---|---|---|
| 13 | ടെന്റർ ഫീ തിരികെ ഈടാക്കിയിട്ടില്ല. | 2-1 |
| 14 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. | 2-2 |
| 15 | തൊഴിൽ നികുതി -മുഴുവൻ ജീവനക്കാരിൽ നിന്നും ഈടാക്കിയില്ല | 2-3 |
| 16 | ഡോക്ടർമാരിൽ നിന്നും, അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| 17 | വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കേണ്ടതാണ്. | 2-5 |
| 18 | കമ്മ്യൂണിറ്റി ഹാളുകളുടെ വാടക രജിസ്റ്റർ, അപേക്ഷകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ | 2-6 |
| 19 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. | 2-7 |
| 20 | വസ്തുനികുതി കുറവ് ഈടാക്കി | 2-8 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് | 2-9 |

| | | |
|---|---|---|
| | ഭാഗം -3 | |
| 22 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ- എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ഇല്ല- തുക നൽകുന്നതിന് മുമ്പ് കരാറിലേർപ്പെടുന്നില്ല- തുക കൈപ്പറ്റ് രസീത് ലഭിച്ചില്ല- പൂർത്തീകരണ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-7,85,000 രൂപ തടസ്സപ്പെടുത്തുന്നു | 3-1 |
| 23 | തെരുവ് വിളക്ക് സംയുക്ത പരിശോധന | 3-2 |
| 24 | അംഗനവാടി സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-3 |
| 25 | നമ്പിക്കുന്ന് കമ്മ്യൂണിറ്റി ഹാൾ നവീകരണം - (വാർഡ്-15)-അപാകതകൾ | 3-4 |
| 26 | ജി.എസ്.ടി. ഈടാക്കാതെ തുക നൽകി. | 3-5 |
| 27 | പൂർണ്ണമായും ഉപയോഗയോഗ്യമാക്കാത്ത കെട്ടിട നിർമ്മാണ പ്രോജക്ടുകൾ- | 3-6 |
| 28 | മരാമത്ത് പ്രവൃത്തി – അവലോകനം | 3-7 |

| | ഭാഗം 4 | |
|---|---|---|
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് | 4.3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 33 | സ്ഥിരനിക്ഷേപം | 4.5 |
| 34 | ഓഡിറ്റ് റിക്കവറി | 4.6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4.7 |
| 36 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4.8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4.9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.10 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 40 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

റിവൈസ്ഡ് ബജറ്റ് 31-1-2019 തിയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ്

വരവ് – 22,24,49,959/-

ചെലവ് – 21,55,51,308/-

പാസാക്കിയ തീയതി – 26/03/18

തീരുമാനം – 1

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2019 | 30-4-2019 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2018-19 | 4-7-2019 മുതൽ 15-7-2019 വരെ | നം.കെ.എസ്.എ.ടി.എസ്.ആർ.(എസ്.1)1120/19(1) തി.26.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11702409 |
| വരവ് | 128334326 |

| | |
|---|---|
| ആകെ | 140036735 |
| ചെലവ് | 116055854 |
| നീക്കിയിരിപ്പ് | 23980881 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 2,38,88,883 | 2,38,88,883 | 2,20,31,123 | 18,57,760 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 1,26,79,000 | 1,26,79,000 | 1,26,79,000 | -- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 1,31,000 | 1,31,000 | 1,31,000 | 0 |
| മെയിന്ററനൻസ്, റോഡ് (ACR പ്രകാരം)* | | | 1,60,12,000 | 1,60,12,000 | 1,60,11,983 | 17 |
| മെയിന്ററനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 49,63,000 | 49,63,000 | 49,63,000 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,33,84,593 | 1,33,84,593 | 1,10,88,000 | 22,96,593 |
| കെ.എൽ.എസ്.ജി.ഡി.പി(ACR പ്രകാരം) | | | 0 | 0 | 0 | 0 |
| സാക്ഷരത | | - | - | - | - | -- |
| ദുരിതാശ്വാസനിധി | | | 6,767 | 6,767 | | 6,767 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി മെറ്റീരിയൽ ചെലവ് | | 1,94,93,218 | 1,94,93,218 | 1,94,93,218 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 38,598 | 6,77,672 | 7,16,270 | 6,88,617 | 27,653 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടി.എസ്.സി | | 35,319 | 19,75,303 | 20,10,622 | 2,65,319 | 17,45,303 |
| ഐ.സി.ഡി.എസ് | | 9,44,364 | 5,44,000 | 14,88,364 | 5,00,000 | 9,88,364 |

| | | | | | | |
|---|---|---|---|---|---|---|
| എം.പി ഫണ്ട് | | - | - | - | - | - |
| പൈക്ക | | 6,90,100 | - | 6,90,100 | | 6,90,100 |
| എൻ.എം.ബി.എസ് | | 0 | 77,089 | 77,089 | 77,089 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എസ്.സി.ഡവലപ്പ്മെന്റ് | | 22,223 | - | 22,223 | 22,223 | 0 |
| ആയുർവേദം | | 2,50,000 | - | 2,50,000 | 2,17,550 | 32,450 |
| എം.എൽ.എ ഫണ്ട് | | - | 4,90,000 | 4,90,000 | 4,90,000 | 0 |
| കേരളോത്സവം | | Nil | 20,000 | 20,000 | | 20,000 |
| വിമുക്തി | | 12,500 | 25,000 | 37,500 | | 37,500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2,50,000 | 19,21,389 | 21,71,389 | 21,43,649 | 27,740 |
| | ജില്ലാ പഞ്ചായത്ത് | - | 29,40,768 | 29,40,768 | 22,94,518 | 6,46,250 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | | | | | |
| വാർദ്ധക്യ കാല പെൻഷൻ | | - | 3,50,49,900 | 3,50,49,900 | 3,50,49,900 | - |
| കർഷക തൊഴിലാളി പെൻഷൻ | | - | 87,77,600 | 87,77,600 | 87,77,600 | - |
| അവിവാഹിത പെൻഷൻ | | - | 17,44,100 | 17,44,100 | 17,44,100 | - |
| വികലാംഗ പെൻഷൻ | | | 55,89,600 | 55,89,600 | 55,89,600 | - |
| വിവാഹ ധനസഹായം | | | 4,20,000 | 4,20,000 | 4,20,000 | - |
| പാഡി പ്രൊഡക്ഷൻ ബോണസ് | | | 1,51,800 | 1,51,800 | 1,51,800 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | കാനറാ ബാങ്ക് | 24,38,226 | 1,27,20,556 | 1,51,58,782 | 1,18,02,941 | 33,55,841 |
| | കോ-ഓപ്പറേറ്റീവ് ബാങ്ക് | 85,69,516 | 91,39,405 | 1,77,08,921 | 80,30,546 | 96,78,375 |
| | ട്രഷറി അക്കൗണ്ട് | 10,15,011 | 3,09,40,752 | 3,19,55,763 | 2,19,42,171 | 1,00,13,59 |
| | ജെ.വി.എസ്.ടിഎസ്.ബി | 10,57,565 | 61,69,722 | 51,12,157 | 44,38,167 | 6,73,990 |
| മറ്റിനം | | | | | | |
| ഭവനനിധി | | 13,000 | 522 | 13522 | - | 13522 |
| e-payment | | 1,17,835 | 29,40655 | 30,58,490 | 29,59,835 | 98,655 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 304 | 125025308 | 209 | 83952923 | 62 | 33 | 68.75 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38598 | 677672 | 716270 | 688617 | 27653 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 17266309 | 17266309 | 17266309 | 0 |
| മെറ്റീരിയൽ കോസ്റ്റ് | | 2226909 | 2226909 | 2226909 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | Nil | 39 |
| കർഷകതൊഴിലാളി പെൻഷൻ | 87,77,600 | 711 |
| വിധവാപെൻഷൻ | 2,15,73,700 | 1808 |
| വാർദ്ധക്യകാലപെൻഷൻ | 3,50,49,900 | 2941 |
| വികലാംഗപെൻഷൻ | 55,89,600 | 463 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 17,44,100 | 144 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 4,20,000 | 14 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-7-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20277/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.
2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3.ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകൾ സെക്യൂരിറ്റി നിക്ഷേപങ്ങളായി ലഭിച്ചത് ഫയലിൽ തന്നെ സൂക്ഷിച്ചുവരുന്നു-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 33(2) പ്രകാരം കാഷ്, ചെക്ക്, ഡ്രാഫ്റ്റ് എന്നിവയല്ലാതെ ലഭിക്കുന്ന ഡെപ്പോസിറ്റുകൾ സെക്രട്ടറി സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ഓരോ അർദ്ധവർഷവും ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ചട്ടം 33(3) പ്രകാരം ഇവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായി നടപ്പാക്കുന്ന പ്രോജക്റ്റുകളിൽ സാധനങ്ങൾ ടെണ്ടർ മുഖേന വാങ്ങുന്ന സംഗതിയിൽ അവയുടെ സെക്യൂരിറ്റിനിക്ഷേപമായി വാങ്ങിയ ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകൾ അതാത് പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചു വരുന്നതായി കാണുന്നു. ഇപ്രകാരം ലഭിക്കുന്ന ഡെപ്പോസിറ്റ് രസീതുകൾ രജിസ്റ്ററിൽ ചേർത്തു വരുന്നില്ല. ഇവ

സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സംവിധാനം ഒരുക്കേണ്ടതും ഇവ വാങ്ങുന്നതും തിരികെ നൽകുന്നതും കണ്ടു കെട്ടുന്നതും രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-05-2019 മുതൽ 24-5-2019 വരെ | 2019 ജനുവരി, ഫെബ്രുവരി, മാർച്ച് | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-07-2016 | 2011-12 മുതൽ 2015-16 വരെ | 19-8-2016 |

## 1-12 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക

കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 2.1തൻവർഷം

### 2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4861129 | 4722703 | 144661 | 25115 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4861129 | 4722703 | 144661 | 25115* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (26388/105X100)=25131 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

### 2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 3959315 | 3819578 | 190444 | 55541 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3959315 | 3796769 | 190444 | 77448* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(81320/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.2കുടിശ്ശിക**

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 526136 | 517218 | 25159 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 260629* | 517218 | 25159** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (117890+155770= 273660/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (26460/105X100)=25200, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 462600 | 309539 | 154363 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 456338* | 309539 | 154363 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(336963+142192= 479155/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (162131/105X100)=154410, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | 247737 | 27799 | 275536 | 239814 | 26285 | 266099 | 7763 | | 1273 | 1301 | 2574 |
| | നോൺ-റെസിഡൻഷ്യൽ | 23676 | 200051 | 223727 | 192011 | 15651 | 207662 | 9659 | | 2790 | 7768 | 10558 |
| | ആകെ | | | 499263 | | | 473761 | 17422 | | | | 13132 |
| വാർഷിക കണക്കിലെ വിവിധ | | | | 478664 | | | 473464 | | 299182 | | | 14095 |

| | | | | | |
|---|---|---|---|---|---|
| പത്രികകൾ പ്രകാരം | 37641+441023 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101- Advance collection of revenues - Property tax on Residential building | 38,173 | 1,52,424 |

| | | | |
|---|---|---|---|
| 2 | 350410101- Advance collection of revenues - Property tax on Non-Residential building | 1,06,412 | 2,00,103 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2018-19 വർഷത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിൽ 474 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 5/7/2018-ലും 01/03/2019-ലും രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 473464 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 473761 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 2,99,182 രൂപയാണ്. (വൗച്ചർ 41800330, 41800341 തീ. 31/3/2019 (210434+88,748=299182)) (പട്ടിക 2.3 കാണുക )

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | ഡിമാന്റ് കുറവ് ചെയ്ത തുക | ഡിമാന്റ് കൂട്ടിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(44 കെട്ടിടങ്ങൾ) | 130100101- Rent from Building | 4,53,184<br><br>5/7/18 ൽ വൌച്ചർ 41800034 ആയി ഒറ്റ എൻട്രിയായി ചേർത്തു | 19,749<br><br>31/3/19 ൽ വൗച്ചർ നമ്പർ 41800233 | |
| 2. | ഭൂമി പാട്ടം (12 എണ്ണം) | 130100102- Rent from lease of lands | 2,56,145<br><br>5/7/18 ൽ വൗച്ചർ 41800035 ആയി ഒറ്റ എൻട്രിയായി ചേർത്തു | | 7<br><br>31/3/19 ൽ വൌച്ചർ നമ്പർ 41800235 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

4.6 ലൈബ്രറി രജിസ്റ്റർ

4.7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

4.9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.10 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല.)

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 1,31,600 |
| 2 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 3,52,950 |

6.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വാടകയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | 2018-19 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2019 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100104-Provision for Doubtful Receivable-Rent from Buildings | 28003 | 28003 cr |

എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം കിട്ടാനുള്ള തുകകൾക്കാണ് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടത്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഇല്ല. തുക കുടിശ്ശിക ഇല്ലാതിരിക്കെ കിട്ടാനുള്ള തുകക്ക്

പ്രൊവിഷൻ രേഖപ്പെടുത്തേണ്ട ആവശ്യമില്ല. ആയതിനാൽ ഈ 2019-20 നടപ്പുവർഷത്തിൽ ഈ രേഖപ്പെടുത്തൽ റിവേഴ്സ് എൻട്രി മുഖേന റദ്ദാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 2019-20 വർഷത്തിൽ ഈ എൻട്രി റദ്ദാക്കി).

7.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (19,471) |
| 280100104-Prior period income-Property tax on non residential buildings | 3,118 |
| 280200101-Prior period income-Rent from Building | 44,824 |

| | |
|---|---|
| 280200401-Prior period income-Other income | 327694 |
| 280800101-Prior period-Establishment expenses | (1,330) |
| 280800501-Prior period-Programme expenses | (6,04,888) |

8.ലൈബ്രറി അംഗത്വഫീസിനത്തിലുള്ള വരുമാനം നിലവിൽ ക്യാഷ് അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തുന്നത്. അത് അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

9.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

10.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 12 ലെ "420500101-Investment-Equity shares ” എന്ന ശീർഷകത്തിൽ 5891 രൂപയുടെ നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ട്.അതിൽ 5000 രൂപയുടെ ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട് (The trichur co operative spinning mills ltd, share certificate no 133).എന്നാൽ 891 രൂപയുടെ ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ നിക്ഷേപത്തിന്റെ അസ്തിത്വം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

11.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

12.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,22,78,472 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,64,67,852 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

13.31/3/2019 ലെ ബാലൻസ്ഷീറ്റിൽ "410400103-Drinking water pipelines"എന്ന ശീർഷകത്തിൽ 7,85,000 രൂപയുടെ ഇല്ലാത്ത ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്. " 460500201- Advance to implementing agencies-Deposit with kerala water authority" എന്ന മുൻകൂർ ശീർഷകത്തിൽ 7,85,000 രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിവരം ഉൾപ്പെടാതെയും പോയി.

ചെലവഴിക്കാത്ത ഈ 7,85,000 രൂപ ബാലൻസ്ഷീറ്റിൽ B-4 -Grants and contribution for specific purposes എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തി കാണുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ തനിക്ക് ലഭിച്ച അലോട്ട്മെന്റ് തുകയുടെ വിനിയോഗ പത്രം നല്കാത്തതിനാലും ആയതിന്റെ അഭാവത്തിൽ, അലോട്ട്മെന്റ് തുക തന്നെ ചെലവായി രേഖപ്പെടുത്തുന്നതിനാലും മേൽ വ്യത്യാസങ്ങൾ വരുന്നത്. (വിശദ വിവരം ഖണ്ഡിക 3.1.2 ൽ) (ഓഡിറ്റ് എൻകയറി 1 തീ 8/7/2019,20 തീ 15/7/2019)

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെന്ററർ ഫീ തിരികെ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ | ടെണ്ടർ ഫോമിന്റെ | ആകെ |
|---|---|---|---|

| | എണ്ണം | വില | |
|---|---|---|---|
| 64/19 | 4 | 1568 | 6272 |
| 191/19 | 2 | 1904 | 3808 |
| 164/19 | 2 | 1344 | 2688 |
| 127/19 | 4 | 2016 | 8064 |
| 122/19 | 2 | 2240 | 4480 |
| 99/19 | 2 | 1232 | 2464 |
| 91/19 | 4 | 2240 | 8960 |
| 39/19 | 2 | 1796 | 3592 |
| 78/19 | 2 | 1456 | 2912 |
| 45/19 | 4 | 2800 | 11200 |
| 46/19 | 3 | 1344 | 4032 |
| 62/19 | 3 | 1904 | 5712 |
| 107/19 | 1 | 1344 | 1344 |
| 118/19 | 2 | 2800 | 5600 |
| | | | 71128 |

## 2-2 നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 416154/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്. (AUDIT ENQUIRY No.4/11.7.19)

## 2-3 തൊഴിൽ നികുതി -മുഴുവൻ ജീവനക്കാരിൽ നിന്നും ഈടാക്കിയില്ല

ആളൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് നം.14/978 മുതൽ 984 വരെ കെട്ടിട നമ്പറുകളിൽ പ്രവർത്തിച്ചു വരുന്ന പിഗ്മെന്റ് ഇന്ത്യ ലിമിറ്റഡ്, താഴെക്കാട് എന്ന സ്ഥാപനം ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ ആകെ ജീവനക്കാരുടെ എണ്ണം 50 എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ്

രജിസ്റ്റർ പരിശോധിച്ചതിൽ 13 ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്നത് എന്നു കാണുന്നു.

മറ്റുള്ള ജീവനക്കാരും തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/12-7-2019)

## 2-4 ഡോക്ടർമാരിൽ നിന്നും, അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് ജോലി ചെയ്തു വരുന്ന പ്രൈവറ്റ് ഡോക്ടർമാർ, അഭിഭാഷകർ, പാരാ മെഡിക്കൽ വിദഗ്ദർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവോ സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നവരോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

അപാകത പരിഹരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/12-7-2019-ന് നൽകിയ മറുപടിയിൽ 2019-20 സാമ്പത്തിക വർഷം മുതൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 2-5 വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കേണ്ടതാണ്.

നിലവിൽ പഞ്ചായത്തിന് കീഴിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, സ്ഥലങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരുമായി ഏർപ്പെട്ടിരിക്കുന്ന കരാറിൽ വാടക, വാടക വർദ്ധനവ്, ഡെപ്പോസിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കാണുന്നില്ല, ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി ഒപ്പ് വച്ച്

കാണുന്നില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

## 2-6 കമ്മ്യൂണിറ്റി ഹാളുകളുടെ വാടക രജിസ്റ്റർ, അപേക്ഷകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ

കമ്മ്യൂണിറ്റി ഹാളുകളുടെ വാടക രജിസ്റ്റർ, അപേക്ഷകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ താഴെ പറയുന്നു.

1) ലഭ്യമാക്കിയ രജിസ്റ്ററും അപേക്ഷകളും പ്രകാരം മുഴുവൻ ബുക്കിങ്ങുകളുടെയും അപേക്ഷകൾ സൂക്ഷിച്ച് കാണുന്നില്ല.

2) നിലവിൽ പഞ്ചായത്തിന് കീഴിലുള്ള ആളൂർ കമ്മ്യൂണിറ്റി ഹാൾ, പൊരുന്നകുന്ന് ഹാൾ, ഉറുമ്പൻകുന്ന് ഹാൾ, പഞ്ഞപ്പിള്ളി ഹാൾ, തിരുത്തിപ്പറമ്പ് ഹാൾ, പതിക്കാട് ഹാൾ, കൊമ്പിടിഞ്ഞാമാക്കൽ ഹാൾ എന്നിവയിൽ ഏത് ഹാളാണ് വാടകയ്ക്ക് നൽകുന്നതെന്ന് അപേക്ഷയിൽ രേഖപ്പെടുത്തി കാണുന്നില്ല.

3) രജിസ്റ്ററിൽ തുക ഈടാക്കിയതിന്റെ രശീതി നമ്പർ, തീയതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല.

4) ആളൂർ കമ്മ്യൂണിറ്റി ഹാളിൽ 367 കസേരയും 140 മേശയും വാടകയ്ക്ക് നൽകുന്നതിനായി ഉണ്ടെന്ന് കാണുന്നു. എന്നാൽ ഇവ വാടകയ്ക്ക് എടുക്കുന്നുണ്ടോ എന്നുള്ള വിവരവും വാടക ഈടാക്കുന്ന വിവരവും അപേക്ഷയിൽ രേഖപ്പെടുത്തുന്നില്ല.

5) എസ്.സി വിഭാഗത്തിന് വാടക നിരക്കിൽ ഇളവ് നൽകുന്നതിന് വ്യവസ്ഥ ചെയ്ത് കാണുന്നു. എന്നാൽ വാടക ഇളവ് ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഇത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കി കാണുന്നില്ല.

6) നിലവിൽ കൊമ്പിടിഞ്ഞാമാക്കൽ ഹാളിൽ ബുക്കിങ്ങ് നടക്കുന്നതായി കാണുന്നില്ല. ആയത് ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7) ഓരോ ഹാളിനും ലഭിച്ച വാടകയുടെ മൊത്തം തുക രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി വച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 17/12.07.19 ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 2-7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ രേഖപ്പെടുത്തലുകളും വരുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷ നമ്പർ, തീയതി, പേര് എന്നിവ മാത്രം രേഖപ്പെടുത്തി തുടർ നടപടികളോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്താതെ വിട്ടിരിക്കുന്നതായി കാണുന്നു. അത് പോലെ തന്നെ പെർമിറ്റ് നൽകിയ അപേക്ഷകളിൽ വിസ്തീർണ്ണം, പെർമിറ്റ് ഫീസ് എന്നിവ രേഖപ്പെടുത്താതെയും കാണുന്നു. പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ചത് മുതൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പർ നൽകുന്നത് വരെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തി അതാത് ഫയലുകൾ തീർപ്പാക്കിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അതോടൊപ്പം പെർമിറ്റ് കാലാവധി കഴിഞ്ഞ കേസുകളിൽ അനധികൃത നിർമ്മാണം നടക്കുന്നത് പരിശോധിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തേണ്ടതും അത്തരം കേസുകളിൽ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-8 വസ്തുനികുതി കുറവ് ഈടാക്കി

വസ്തു നികുതി കണക്കാക്കിയപ്പോൾ താഴെ പറയുന്നവരുടെ നികുതിയിൽ കുറവ് സംഭവിച്ചു.
1) ഷിജി മോൾ, മനക്കുളങ്ങര പറമ്പിൽ, താഴെക്കാട് എന്നവരുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി സമർപ്പിച്ചത് പ്രകാരം $83.93m^2$ വിസ്തീർണ്ണമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ XIV/566A,B,C,D എന്നീ നമ്പറുകൾ നൽകിയപ്പോൾ യഥാക്രമം $9.23m^2$, $14.06m^2$, $14.06m^2$, $37.35m^2$ എന്ന രീതിയിൽ മൊത്തം $74.7m^2$ വിസ്തീർണ്ണത്തിനാണ് നികുതി കണക്കാക്കിയിട്ടുള്ളത്.
2) വില്ലി പോൾ, കോമ്പാറക്കാരൻ, കല്ലേറ്റുംകര എന്നയാളുടെ XIII/63A എന്ന് നമ്പർ നൽകിയ $273.75m^2$ കെട്ടിടം പൂർത്തീകരണ പ്ലാനിൽ മാള-ആളൂർ പി.ഡബ്ല്യു.ഡി റോഡിൽ സ്ഥിതി ചെയ്യുന്നതായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തുന്നതിന് പകരം ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചിരിക്കുന്നു.
3) ടോണി ആന്റണി, പുന്നേലിപറമ്പിൽ, കൊമ്പെടിഞ്ഞാമാക്കൽ എന്നയാളുടെ $299.18m^2$ കെട്ടിടം പൂർത്തീകരണ പ്ലാനിൽ പി.ഡബ്ല്യു.ഡി റോഡിൽ സ്ഥിതി ചെയ്യുന്നതായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തുന്നതിന് പകരം ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചിരിക്കുന്നു.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 10/11.07.19 നൽകിയതിനെ തുടർന്ന് അപാകതകൾ പരിഹരിക്കുകയും തുക ഈടാക്കുകയും ചെയ്തിരിക്കുന്നു.

## 2-9 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച്

2018-19 വർഷത്തിൽ പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്ന കല്ലേറ്റും കര കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖകളായ താഴെക്കാട് , വല്ലക്കുന്ന്, ഫീസ്റ്റ് നഗർ എന്നിവിടങ്ങളിൽ നിന്നും ബാങ്കിന്റെ കീഴ് സ്ഥാപനങ്ങളായ 2/413 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള ഫീസ്റ്റ്, 2/412 കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന വളം കീടനാശിനി വിൽപ്പന കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തു പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലേറെ ബ്രാഞ്ചുകൾ പ്രത്യേകം പ്രത്യേകം തൊഴിൽ നികുതി ഒടുക്കേണ്ടതാണ്.

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനാവശ്യമായ സത്വര നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/12-7-2019-ന് നൽകിയ മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ-എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ഇല്ല- തുക നൽകുന്നതിന് മുമ്പ് കരാറിലേർപ്പെടുന്നില്ല-തുക കൈപ്പറ്റ് രസീത് ലഭിച്ചില്ല- പൂർത്തീകരണ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-7,85,000 രൂപ തടസ്സപ്പെടുത്തുന്നു

**3.1.1** സർക്കാർ ഉത്തരവ് (കൈ)11/2018 /ത.സ്വ.ഭ.വ തീ 29.01.2018 ഖണ്ഡിക 11.2(3)(ഡി)(ii) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള ജല അതോറിറ്റിക്ക് തുക കൈമാറുന്നതിന് മുമ്പ് ജല അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും സാങ്കേതികാനുമതി നൽകേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം ജല അതോറിറ്റിയുമായി കരാറിലേർപ്പെട്ട ശേഷം തുക നൽകാവുന്നതുമാണ്. അസിസ്റ്റന്റ് സെക്രട്ടറി വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം

ഇരിങ്ങാലക്കുട ജലഅതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയോ, തുക നൽകുന്നതിന് മുമ്പ് കരാറിലേർപ്പെടുകയോ, ചെയ്തിട്ടില്ല. തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല, ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കാത്തതിനാൽ പദ്ധതികളുടെ സാങ്കേതികമായ പ്രായോഗികത സംബന്ധിച്ച് ജലഅതോറിറ്റി ഉറപ്പ് വരുത്തിയിട്ടില്ല എന്ന് വ്യക്തമാണ്. കരാറിലേർപ്പെടാത്തതിനാൽ ഇരു കക്ഷികളുടെയും ചുമതലകൾ നിശ്ചയിച്ചു കൊണ്ട്നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ജലഅതോറിറ്റിയെ നിയമപ്രകാരം നിർബന്ധിതമാക്കാൻ സാധിക്കാതെ വരുന്നു. ഇപ്രകാരം തുക നൽകിയ പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ഡെപ്പോസിറ്റ് തുക | ട്രഷറി ബിൽ നമ്പർ | തീയ്യതി | വൌച്ചർ നമ്പർ | തീയ്യതി | ശീർഷകം |
|---|---|---|---|---|---|---|---|---|
| 1. | 21/19 | കാട്ടാം തോട് കുടിവെള്ള പദ്ധതി | 4,00,000 | 4 | 28/9/2018 | 21801118 | 27/9/2018 | 410400103-Drinking water pipelines” |
| 2. | 19/19 | വിവിധ വാർഡുകളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 3,85,000 | 9 | 31/3/2019 | 21801630 | 15/1/2019 | |
| ആകെ | | | 7,85,000 | | | | | |

സാങ്കേതികാനുമതി, കരാർ എന്നിവയില്ലാതെ തുക നൽകിയതിനാലും തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രസീത് ലഭ്യമാക്കാത്തതിനാലും ചെലവ് തുക 7,85,000 രൂപ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിക്കുകയോ അല്ലെങ്കിൽ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുകയോ ചെയ്തുകൊണ്ട് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3.1.2 ഇവ കണക്കിൽ രേഖപ്പെടുത്തിയതിലെ അപാകതകൾ

**3.1.2.1**. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകുമ്പോൾ "460500201- Advance to implementing agencies-Deposit with kerala water authority"എന്ന ശീർഷകത്തിൽ തുക രേഖപ്പെടുത്തേണ്ടതും പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ തുക അതാത് ആസ്തികളുടെ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്റ്റുകൾക്ക് തുക നൽകിയപ്പോൾ തന്നെ " 410400103-Drinking water pipelines" എന്ന ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തി. നാളിതുവരെ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതും പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ 31/3/2019 ലെ ബാലൻസ്ഷീറ്റിൽ "410400103-Drinking water pipelines"" എന്ന ശീർഷകത്തിൽ 7,85,000 രൂപയുടെ ഇല്ലാത്ത ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്. " 460500201- Advance to implementing agencies-Deposit with kerala water authority" എന്ന മുൻകൂർ ശീർഷകത്തിൽ 7,85,000 രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിവരം ഉൾപ്പെടാതെയും പോയി.2019-20 വർഷത്തിൽ ഈ തുക ക്രമികരിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിലും ഈ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ആയത് ചേർക്കേണ്ടതാണ്.

**3.1.2.2.**ഗ്രാന്റിനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തേണ്ടതും ഒരേ ശീർഷകത്തിൽ ഒന്നിലേറെ ഇനങ്ങൾ വരുന്ന പക്ഷം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. അസിസ്റ്റന്റ് സെക്രട്ടറി ജല അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നല്കിയിരിക്കുന്നത് എസ്.സി വിഭാഗം വികസനഫണ്ടിൽ നിന്നാണ്. നിലവിലെ അക്കൗണ്ടിംഗ് നയങ്ങൾ പ്രകാരം ഇത് ഗ്രാന്റിനത്തിൽ ഉൾപ്പെടുന്നു. ജലഅതോറിറ്റിക്ക് നൽകിയ തുകയായ 7,85,000 രൂപ 31/3/2019ൽ ചെലവഴിച്ചിട്ടില്ലാത്തതിനാൽ ആയത് B-4-Grants and contribution for specific purposes എന്ന ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തേണ്ടതും തുകയുടെ വിനിയോഗം പൂർത്തീകരിക്കുന്ന മുറക്ക് മാത്രം B-3 ഷെഡ്യൂളിലെ "312100101-Capital contribution "എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുമാണ്. എന്നാൽ തുക ചെലവഴിക്കാത്ത 7,85,000 രൂപ ബാലൻസ്ഷീറ്റിൽ B-4 -Grants and contribution for specific purposes എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തി കാണുന്നില്ല. 2019-20 വർഷത്തിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

**3.1.2.3.**മേൽ പട്ടിക കാണുക. നിർവ്വഹണോദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും ബില്ല് മാറി തുക നൽകുന്ന തീയ്യതിക്കു മുമ്പേ ഉള്ള തീയ്യതിയിൽ വൗച്ചർ നമ്പർ ചേർത്ത് കണക്കിൽ ഈയിനത്തിൽ ചെലവ് രേഖപ്പെടുത്തിയതായി കാണാം.നിർവ്വഹണോദ്യോഗസ്ഥന് തുക അലോട്ട്മെന്റ് ആയി നൽകുന്ന തീയ്യതിയിൽ തന്നെ ചെലവ് രേഖപ്പെടുത്തി വരുന്നതിനാലാണ് ഇതെന്ന് കാണുന്നു.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ ഓരോ മാസം 5-ാം തീയ്യതിക്ക് മുമ്പായി തനിക്ക് കിട്ടിയ അലോട്ട്മെന്റിൽ നിന്നും ചെലവായ തുകയുടെ സ്റ്റേറ്റ്മെന്റ് സെക്രട്ടറിക്കു നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന വിനിയോഗ പത്രത്തിന്റെ അഭാവത്തിൽ, അലോട്ട്മെന്റ് തുക തന്നെ ചെലവായി

രേഖപ്പെടുത്തുന്നതിനാലും വാർഷികകണക്കിൽ മേൽ പ്രകാരം കൃത്യമായ ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുന്നതിന് തടസ്സമാകുന്നു. ആയതിനാൽ സ്ഥാപനത്തിന്റെ ശരിയായ പ്രവർത്തനം, സാമ്പത്തിക നില എന്നിവ രേഖപ്പെടുത്തിയ വാർഷികകണക്കുകൾ ഉപയോക്താക്കൾക്ക് ലഭ്യമാകുന്നതിന് തടസ്സമാകുന്നു.(ഓഡിറ്റ് എൻക്വയറി 20 തീ 15/7/2019)

## 3-2 തെരുവ് വിളക്ക് സംയുക്ത പരിശോധന

തെരുവ് വിളക്ക് സംയുക്ത പരിശോധന ഫയൽ ഹാജരാക്കിയെങ്കിലും ആയതുപ്രകാരം ഗ്രാമ പഞ്ചായത്തിലെ രണ്ട് വാർഡുകളിലാണ് (വാർഡ് 8, 9) കെ.എസ്.ഇ.ബി.യുമായി പരിശോധന നടത്തിയിട്ടുള്ളത്. ഈ വാർഡുകളിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവയുടെ കണക്ക് സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മറ്റ് 21 വാർഡുകളിലും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറുന്നതിനായി സർക്കുലർ നം.65529/DC/3/12 തസ്വഭവ തി.12.3.2013യിലെ നടപടിക്രമം പാലിക്കേണ്ടതാണ്.

## 3-3 അംഗനവാടി സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെയുള്ള 41 അംഗണവാടികളിൽ 31എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. അംഗണവാടി നമ്പർ 7 നിലവിൽ വാടക കെട്ടിടത്തിലും, 254-ാം നമ്പർ അംഗണവാടി കമ്മ്യൂണിറ്റി ഹാളിലും 26, 19 നമ്പർ അംഗണവാടികൾ സ്കൂളിലുമാണ് പ്രവർത്തിക്കുന്നത്. പൊതുവിൽ 25 അംഗണവാടികൾക്ക് ചുറ്റുമതിലും 30 അംഗണവാടികൾക്ക് കുടിവെള്ള കണക്ഷനുമുണ്ട്. ബേബി ഫ്രണ്ട്‌ലിയായ 20 അംഗനവാടികളാണ് ഉള്ളത്. 31.03.2019 തിയ്യതിയിൽ അംഗനവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്ര വിഹിതമായി അനുവദിച്ച തുകയിൽ 966364 രൂപ ഗ്രാമ പഞ്ചായത്ത് കൈവശം നീക്കിയിരിപ്പുണ്ട്.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ആവശ്യമായ ഭൂമി കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും പരിമിതമായ സൗകര്യങ്ങൾ ഉള്ള അംഗൻവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 നമ്പിക്കുന്ന് കമ്മ്യൂണിറ്റി ഹാൾ നവീകരണം -(വാർഡ്-15)-അപാകതകൾ

പ്രോജക്റ്റ് നം.240/19

കോൺട്രാക്ടർ -എ.വി.സെബാസ്റ്റ്യൻ

ബിൽ നം. 120/11.03.19 -179308/-

ടി.എസ്. നം. 74855/16-17 dt.17.02.17

എഗ്രിമെന്റ് നം. തിയ്യതി-142/AE/ACR/16-17/31.3.17

എം.ബുക്ക് നം. 05/18-19

16-17 വർഷം സാങ്കേതികാനുമതി ലഭിച്ച മേൽ പ്രോജക്റ്റിന്റെ അടുക്കള നിർമ്മാണത്തിന് വേണ്ടി മാത്രമായി തൻ വർഷം പ്രോജക്റ്റ് വെക്കുകയും 527572/- രൂപ വകയിരുത്തുകയും സ്പിൽ ഓവറായി തൻവർഷം 179308/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)എഗ്രിമെന്റ് വെച്ച തിയ്യതി 31.03.17 ഉം സൈറ്റ് ഹാന്റ് ഓവർ ചെയ്ത തിയ്യതി 21.12.17 ഉം ആണ്. എഗ്രിമെന്റ് വെച്ച് 9 മാസത്തിന് ശേഷമാണ് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)സ്ഥല പരിശോധനയുടെ ഭാഗമായി മേൽ പ്രവൃത്തി ചെയ്ത സ്ഥലം 11.07.19 ൽ പരിശോധിക്കുകയുണ്ടായി.എസ്.സി കോളനിയിൽ വീടുകളുടെ പിന്നിലായിട്ടാണ് ടി കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന് മുൻപിലുള്ള പറമ്പിൽ MLA ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം പണിയുന്നതിന് കുറ്റിയടിച്ചിട്ടുണ്ട്. ഈ പറമ്പിലൂടെ മാത്രമേ കെട്ടിടത്തിലേക്ക് പ്രവേശിക്കാൻ സാധിക്കൂ. പുതിയ കെട്ടിടം നിലവിൽ വന്നാൽ കമ്മ്യൂണിറ്റിഹാളിലേക്കുള്ള പ്രവേശനം തടസ്സം നേരിടുന്നതും നിലവിൽ കമ്മ്യൂണിറ്റിഹാളിലേക്കുള്ള വഴി ഏകദേശം അഞ്ചരയടിയോളം റോഡിന്റെ ഉയരത്തിൽ മതിൽ കെട്ടി അടച്ച അവസ്ഥയിലുള്ളതുമാണ്. പണി പൂർത്തീകരിച്ചിട്ടും ഉപയോഗിക്കാതെ പുല്ല് വന്ന് മൂടിയതിനാൽ അങ്ങോട്ട് പ്രവേശിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. നിലവിലുള്ള സ്ഥിതി തുടർന്നാൽ നാളിതു വരെ ചെലവഴിച്ച തുക ഉപകാരപ്രദമാകാത്ത അവസ്ഥ സംജാതമാകുന്നതാണ്.എത്രയും വേഗം കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനും അതിലേക്കുള്ള വഴി ശരിയാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ജി.എസ്.ടി ഈടാക്കാതെ തുക നൽകി.

കേന്ദ്രസർക്കാർ വിജ്ഞാപനം 50/18 dt.13.09.18 പ്രകാരം 01.10.18-ന് ശേഷം പൂർത്തീകരിക്കുന്ന 250000/-ന് മുകളിലുള്ള പ്രവൃത്തികളിൽ നിന്ന് കരാർ തുകയുടെ 2% GST ഈടാക്കേണ്ടതാണ്.എന്നാൽ താഴെ പറയുന്ന പ്രവർത്തികളിൽ

നിന്നും GST ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്, നം. | പ്രവർത്തി മൂല്യം | ഈടാക്കേണ്ട നികുതി | ബിൽ നം. തി. തുക |
|---|---|---|---|---|
| 1 | ചെമ്മീൻച്ചാൽ നിർമ്മാണം,280/19 | 472335 | 9447 | 70//31.10.18 |
| 2 | പൊരുന്നകുന്ന് സെന്റർ റോഡ് റീ ടാറിങ്ങ് &കോൺക്രീറ്റിങ്ങ് 320/19 | 494973 | 9899 | 66/31.10.18 |
| 3 | നമ്പിക്കുന്ന് കമ്മ്യൂണിറ്റി ഹാൾ നവീകരണം, | 527572 | 3586 | 120/11.03.19/ 179308 first part bill- 348264(17-18) |
| 4 | വരദനാട് കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം | 988847 | 19777 | 67/31.10.18/ 988847/- |
| | | | 42709 | |

ജി.എസ്.ടി.യിനത്തിൽ ഈടാക്കാത്ത തുക കൺവീനറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-6 പൂർണ്ണമായും ഉപയോഗയോഗ്യമാക്കാത്ത കെട്ടിട നിർമ്മാണ പ്രോജക്ടുകൾ

കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് തയ്യാറാക്കണമെന്ന് ജി.ഒ.(എം.എസ്) നം.11/2018 തസ്വഭവ തീ.29.01.2018-പദ്ധതിമാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് പാലിക്കപ്പെടുന്നില്ല. കെട്ടിടത്തിന്റെ സ്ട്രക്ചറിനും, അനുബന്ധ പ്രവൃത്തികൾക്കും പ്രത്യേകം പ്രൊജക്ടുകൾ

തയ്യാറാക്കുകയാണ് ചെയ്യുന്നത്. അത് തന്നെ പല വർഷങ്ങളിലായാണ് പ്രവൃത്തിയുടെ പൂർത്തീകരണം നടക്കുന്നത്. അതിനാൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ പലതും ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല.

1)വരദനാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

വരദനാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം എന്ന പ്രവൃത്തി ആരംഭിച്ച് വർഷങ്ങളായെങ്കിലും ഹാൾ ഇപ്പോഴും ഉപയോഗയോഗ്യമാക്കാനാവാത്ത അവസ്ഥയിലാണ്. തൻവർഷവും പ്രോജക്റ്റുകൾ വെച്ചിട്ടുണ്ട്. തൻ വർഷത്തെ പ്രോജക്റ്റിൽ (പ്രോജക്റ്റ് നം. 77/19) കമ്മ്യൂണിറ്റി ഹാളിനു പുറത്ത് അരമതിൽകെട്ടി ഷീറ്റിടുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ, സ്പിൽ ഓവർ പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്റ്റ് നം. 252/18, 283/19) ഹാളിനുള്ളിൽ ടൈലുകൾ വിരിക്കുകയും രണ്ട് റൂമുകൾ തിരിച്ച് ബാത്ത് റൂം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് നം. 319/19 പ്രകാരം ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിച്ചിട്ടുമുണ്ട്.

പ്രോജക്റ്റ് നം.77/19 പ്രകാരം ട്രസ് വർക്ക് നിർമ്മാണത്തിന് വേണ്ടി .35mm കനത്തിലുള്ള ട്രഫോൾഡ് ഷീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഉപയോഗിച്ചിട്ടുള്ള ഷീറ്റിൽ ആയതിന്റെ കനം, ഐ.എസ്.ഐ. മുദ്ര എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഷീറ്റിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ഹാൾ ഉപയോഗപ്രദമാക്കണമെങ്കിൽ ഇനിയും ഏറെ പ്രവൃത്തികൾ ചെയ്യേണ്ടതായിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനിയും താമസം നേരിടുന്നതിനാൽ നാളിതു വരെ ചെയ്ത പ്രവൃത്തികൾ ഉപയോഗപ്രദമല്ലാതെ വരുന്ന അവസ്ഥ സംജാതമാകുന്നു.

2)തിരുത്തിപറമ്പ് കമ്മ്യൂണിറ്റി ഹാൾ

(പ്രോജക്റ്റ് നം. 81/19)

തിരുത്തി പറമ്പ് കമ്മ്യൂണിറ്റി ഹാളിന്റെ പ്രധാന കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അനുബന്ധ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാൻ ബാക്കി നിൽക്കുന്നു.

മേൽ പ്രവൃത്തികൾ ഉപയോഗപ്രദമാകും വിധം എത്രയും വേഗം പ്രോജക്റ്റുകൾ വെച്ച് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 മരാമത്ത് പ്രവൃത്തി -അവലോകനം

1)ടെണ്ടർ നടപടി ക്രമങ്ങൾ മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ല

2018-19 വർഷത്തിൽ ടെണ്ടർ മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളിലെല്ലാം രണ്ടോ, മൂന്നോ പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചു കാണുന്നത്. (ഇ-ടെണ്ടർ ഒഴികെ) ടെണ്ടർ സമർപ്പിച്ചതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമത്തെ ആൾ ഉയർന്ന നിരക്കുമാണ് കാട്ട് ചെയ്തിട്ടുള്ളത്. പ്രവൃത്തികളെല്ലാം എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്.

2)റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

3)ഇ-ടെന്റർ രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 19573 | വനിതാ ഗ്രൂപ്പിന് കാർഷിക യന്ത്രങ്ങൾ | 195873 | 0 |
| | 2018-19 | 400000 | നെൽ കർഷകർക്ക് ഉഴവുകൂലി സബ്സിഡി | 372260 | 27740 |
| | 2018-19, | 675516 | ലൈഫ് ഭവന പദ്ധതി ജനറൽ | 675516 | 0 |
| | 2018-19 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 450000 | 0 |
| | 2017-18 | 250000 | ജൈവമാലിന്യ സംസ്കരണ പ്ളാന്റ് സ്ഥാപിക്കൽ, അനുബന്ധ പ്രവൃത്തികൾ | 239061 | 10939 (തിരിച്ചടച്ചു) |
| | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | | | | | |
| 1 | 2018-19 | 68000 | പച്ചക്കറി വികസനം (വനിത) | 68000 | 0 |
| 2 | 2018-19 | 150000 | പാലിയേറ്റീവ് കെയർ | 150000 | 0 |
| 3 | 2018-19 | 772768 | ലൈഫ് ഭവന പദ്ധതി ജനറൽ | 772768 | 0 |
| 4 | 2018-19 | 200000 | അംഗൻവാടി പോഷകാഹാരം | 190933 | 9067 |

| | | | | | |
|---|---|---|---|---|---|
| 5 | 2018-19 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 450000 | 50000 |
| 6 | 2018-19 | 150000 | പകൽവീട് തുടർ പ്രവർത്തനങ്ങൾ | 0 | 150000 |
| 7 | 2018-19 | 100000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ | 0 | 100000 |
| 8 | 2018-19 | 300000 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 300000 | 0 |
| 9 | 2018-19 | 500000 | പറമ്പി റോഡ് ഗ്രൗണ്ടിന് അടുത്തുള്ള പഞ്ചായത്ത് കെട്ടിടം ബഡ്സ് സ്കൂൾ ആക്കി മാറ്റൽ | 162817 | 337183 |
| 10 | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വഴിവിളക്കിന് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 904210 | | | പൂർത്തീകരിച്ചിട്ടില്ല |
| ,, | 119-ാം നമ്പർ അങ്കണവാടി വൈദ്യൂതീകരണം | | 80746 | | | പൂർത്തീകരിച്ചിട്ടില്ല |
| കെ.ഡബ്ല്യു.എ | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 1800000 | | | പൂർത്തീകരിച്ചിട്ടില്ല |
| കെ.ഡബ്ല്യു.എ | വിവിധ അങ്കണവാടികളിലേക്ക് പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കൽ | | 400000 | | | പൂർത്തീകരിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | | | |

| | | | | | |
|---|---|---|---|---|---|
| ഹഡ്കോ ലോൺ | 2753716 | | | | 2753716 |

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | TDCB-564659<br>CANARA-3000000<br>KSCB- 3000000 |
| 3 | ആകെ | 9564659 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | CANARA-3159584<br><br>CANARA-3000000 |

| | | |
|---|---|---|
| | | KSCB- 3000000<br>TDCB- 611243<br>9770827 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീതി നം/ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-15 | 25000 | ഷൈല അയ്യപ്പൻകുട്ടി | 118090106882<br>22-12-2018 |

എന്നാൽ ഇത് “350300109 – Government and other dues payable” എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15<br>2015-16 | 2-6<br>2-5 | 2016-17<br>2016-17 | | തൊഴിൽ നികുതി | പിരിച്ചെടുത്തു |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) **സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 128334326 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116055854 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 785000 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,00,000 | ശ്രീ. നടരാജൻ.വി.എം, അസി. സെക്രട്ടറി |
| | 3,85,000 | ശ്രീമതി യാമിനിപ്പിള്ള .ജി |
| ആകെ | 7,85,000 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1982-83 | എൽ.എഫ്.ടി.എസ് 2-11/24.10.2011 |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 1986-87,87-88 | |
| 1988-89,89-90 | |
| 1990-91 | |
| 1991-92,92-93 | |
| 1993-94 | |
| 1994-95,1995-96 | |
| 1996-97(ചെലവ്) | എൽ.എഫ്.ടി.13-656/97/15.6.1999/20.9.1999 |
| | |

| | |
|---|---|
| 1996-97(വരവ്) | എൽ.എഫ്.ടി.13-919/02/8.8.2002/27.1.2003 |
| 1997-98(ചെലവ്) | എൽ.എഫ്.ടി.13-208/99/19.6.1999/20.9.1999 |
| 1997-98(വരവ്) | എൽ.എഫ്.ടി.13-373/04/1.6.2004/14.9.2004 |
| 1998-99(ചെലവ്) | എൽ.എഫ്.ടി.13-58/01/10.4.2001/13.5.2001 |
| 1998-99(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007/4.12.2007 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.13-247/03/16.6.2003/17.9.2003 |
| 1999-2000(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007/4.12.2007 |
| 2000-01 | എൽ.എഫ്.ടി.13-1483/07/7.12.2007/3.1.2008 |
| 2001-02 | എൽ.എഫ്.ടി.13-595/08/1.11.2008 |
| 2000-01,01-02(പ്ളാൻ) | എൽ.എഫ്.ടി.13-1544/03/3.6.2004 |
| 2002-03 | എൽ.എഫ്.ടി.13-640/08/5.11.2008 |
| 2003-04 | എൽ.എഫ്.ടി.13-11/09/21.12.2009 |
| 2004-05 | എൽ.എഫ്.ടി.13-12/09/21.12.2009/26.3.2010 |
| 2005-06 | എൽ.എഫ്.ടി.13-1306/09/17.9.2010 |
| 2006-07 | എൽ.എഫ്.ടി.13-879/09/17.9.2009 |
| 2007-08 | എൽ.എഫ്.ടി.പി14-693/11/30.12.2011/18.5.2012 |
| 2008-09 | എൽ.എഫ്.ടി.പി 4-1011/12/6.9.2012 |
| 2009-10 | എൽ.എഫ്.ടി.പി 4-1012/12/6.9.2012 |
| 2010-11 | എൽ.എഫ്.ടി.പി 4-1013/12/6.9.2012/2.3.13 |

| | |
|---|---|
| 2011-12 | എൽ.എഫ്.ടി.പി 4-1169/13/9.1.2014/4.3.2014 |
| 2012-13 | എൽ.എഫ്.ടി.പി 4-585/14/7.5.14/4.7.14 |
| 2013-14 | എൽ.എഫ്.ടി.പി 4-1885/2014/5.02.15 |
| 2014-15 | എൽ.എഫ്.ടി.പി 4-925/16/16.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.4) 1995/16 തീയതി 22.11.16/16.1.17 |
| 2016-17 | നം. കെ.എസ്.എ.ടി.എസ്.ആർ (പി.4)1324/2017 തീയതി: 02.11.17/22.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.4)340/2019 തി.27-2-2019 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചേർത്ത പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-2
# ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ